# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 377 — 11-12-2012-ൽ മറുപടിക്ക്

## സി. എഫ്. എൽ ലാമ്പുകൾക്ക് സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ. ലതിക | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സി.എഫ്. എൽ വാങ്ങുന്നവർക്ക് സബ്സിഡി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല |
| (ബി) | ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ഉപഭോക്താക്കളുടെ കൂടി പങ്കാളിത്തത്തോടെ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.<br>· ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ.<br>· വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കുകയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന നടപടികൾ സ്വീകരിക്കുക<br>· സംസ്ഥാന സിലബസ്സ് നിലവിലുള്ള സ്കൂളുകളിലും. CBSE സ്കൂളുകളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുക . |

* വീട്ടമ്മമാരുടെ ഇടയിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ കൂടുതൽ വിപുലീകരിക്കുക.

* സർക്കാർ, സർക്കാർ സഹായത്താൽ പ്രവർത്തിക്കുന്ന ഓഫീസുകൾ എന്നിവിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ബൾബുകൾ മാറ്റി CFL ആക്കുവാനുള്ള നടപടി സ്വീകരിക്കുക

- ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനതല ഊർജ്ജ സംരക്ഷണ അവാർഡുകൾ ഏർപ്പെടുത്തുക

[signature]

സെക്ഷൻ ഓഫീസർ